**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം-695014**
**ഫോൺ:0471-2770500,ഫാക്സ്.0471-2326263**
**വെബ്സൈറ്റ്.www.norkaroots.org.**
**ഇമെയിൽ. mail@norkaroots.org**

29.06.2019

# വാർത്താക്കുറിപ്പ്

## വാണിജ്യ സർട്ടിഫിക്കേറ്റുകളുടെ യു.എ.ഇ എംബസ്സി അറ്റസ്റ്റേഷൻ ജൂലൈ 1 മുതൽ നോർക്ക-റൂട്ട്സ് വഴി

വാണിജ്യസർട്ടിഫിക്കറ്റുകളുടെ യു.എ.ഇ എംബസ്സി സാക്ഷ്യപ്പെടുത്തൽ ഇനി മുതൽ നോർക്ക റൂട്ട്സ് മുഖേന നിർവ്വഹിക്കും. 2019 ജൂലൈ ഒന്ന് മുതലാണ് ഈ സംവിധാനം നിലവിൽ വരുക. നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫീസുകൾ മുഖാന്തരം പ്രസ്തുത സേവനം ലഭ്യമാകും. ചേമ്പർ ഓഫ് കോമേഴ്സും, സെക്രട്ടേറിയേറ്റിലെ അഭ്യന്തര വകുപ്പും സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന പ്രസ്തുത സർട്ടിഫിക്കറ്റുകൾ വിദേശകാര്യ മന്ത്രാലയത്തിന്റെ അറ്റസ്റ്റേഷനും, യു.എ.ഇ എംബസ്സി അറ്റസ്റ്റേഷനും ചെയ്ത് ലഭിക്കും. പവർ ഓഫ് അറ്റോണി, ട്രേഡ് മാർക്ക്, ബിസിനസ്സ് ലൈസൻസുകൾ തുടങ്ങിയ വിവിധ വാണിജ്യ സർട്ടിഫിക്കേറ്റുകളാണ് നോർക്ക റൂട്ട്സ് മുഖേന സാക്ഷ്യപ്പെടുത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് നോർക്ക റൂട്ട്സിന്റെ 1800 425 3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തു നിന്നും) ടോൾഫ്രീ നമ്പരിലും 0471-2770557 നമ്പറിലും ബന്ധപ്പെടണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.